# പതിനാലാം കേരള നിയമസഭ
# പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3777

19.03.2018-ൽ
മറുപടിക്ക്

## രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ**<br>**ശ്രീ. പി.കെ.അബ്ദു റബ്ബ്**<br>**ഡോ.എം. കെ. മുനീർ**<br>**ശ്രീ.അബ്ദുൽ ഹമീദ് പി.** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| എ) രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണത്തിനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | എ) 2016-17 ലെ ബഡ്ജറ്റ് പ്രകാരം, കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി രജിസ്ട്രേഷൻ വകുപ്പിൽ 52 ഓഫീസുകളുടെ നിർമ്മാണ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഈ സാമ്പത്തിക വർഷം വകുപ്പിന് കീഴിലെ 30 ആഫീസുകളുടെ സൈറ്റ് പ്രിപ്പറേഷൻ ജോലികൾ ആരംഭിയ്ക്കുകയും 8 സബ് രജിസ്ട്രാർ ആഫീസുകളിൽ ആധുനിക രീതിയിലുള്ള റിക്കാർഡ് റൂമിന് ആവശ്യമായ കോംപാക്ടേഴ്സ് സ്ഥാപിക്കുകയുമുണ്ടായി. 157 സബ് രജിസ്ട്രാർ ആഫീസുകളിലേക്കായി 300 കമ്പ്യൂട്ടറുകളും, 61 സബ് രജിസ്ട്രാർ ആഫീസുകൾക്ക് സ്കാനറുകളും, 76 സബ് രജിസ്ട്രാർ ആഫീസുകളിലേക്ക് ഡിജിറ്റൽ ക്യാമറകളും അനുവദിച്ചിട്ടുണ്ട്. |
| ബി) സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് നിർബന്ധമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | ബി) കേരള മുദ്രപത്ര ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കിയിട്ടുണ്ട്. ഒരു ലക്ഷം രൂപ വരെയുള്ള ഇടപാടുകൾക്ക് നിലവിലുള്ള മുദ്രപത്രം ഉപയോഗിച്ച് മുദ്രവില ഒടുക്കാവുന്നതാണ്. ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ളവയ്ക്ക് മുദ്രവില ഇ-സ്റ്റാമ്പിംഗിലൂടെ മാത്രമേ ഒടുക്കുവാൻ സാധിക്കുകയുള്ളൂ. കേരള ട്രഷറി വകുപ്പിന്റെയും കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെയും സംയുക്ത സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. |

Rajad

**സെക്ഷൻ ഓഫീസർ**